പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3511

20/08/2018 ൽ മറുപടിക്ക്

## വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, എം. വിൻസെന്റ്<br>,, കെ.മുരളീധരൻ<br>,, ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും വിവിധ ഓഫീസുകളിൽ നിന്നുള്ള സേവനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് പൂർണ്ണതോതിൽ വിജയപ്രദമാക്കുവാൻ സാധിച്ചിട്ടുണ്ടോ; | (എ) | ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അഴിമതി തടയുന്നതിനുവേണ്ടി വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iaps) ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വിവിധ വകുപ്പുകളിലെ വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിനും വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും, നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല വിജിലൻസ് പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിൽ ഇക്കാര്യത്തിന് അനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് അഴിമതിക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ഡി) | വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ഡി) | വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | പൊതുപ്രവർത്തകരെ കുറിച്ച് ജനങ്ങൾക്ക് സുതാര്യവും വിശ്വാസയോഗ്യവുമായ നിലയിൽ വിവരങ്ങൾ നൽകുവാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കൾ പൊതുജന മദ്ധ്യത്തിൽ കൊണ്ടുവരുവാനുമുള്ള നടപടിയുടെ ഭാഗമായി നിർദ്ദേശം സമർപ്പിക്കുവാൻ കമ്മീഷനെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**